**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **09-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതിയും എറൈസ് പ്രോഗ്രാമും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2023-ൽ എറൈസ് പ്രോഗ്രാമിന്റെ കീഴിൽ കൂടുതൽ പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2023-ൽ എറൈസ് പ്രോഗ്രാമിന്റെ കീഴിൽ കൂടുതൽ പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 2023-24 വർഷത്തിൽ എറൈസ് പദ്ധതിക്കു കീഴിൽ നിലവിലുള്ള 10 സെക്ടറുകളിൽ മാറ്റം വരുത്തി പുതിയ മേഖലകളിൽ പരിശീലനം ലഭ്യമാക്കാൻ പദ്ധതിയിടുന്നുണ്ട്. ആയതിന്റെ ഭാഗമായി 5000 പേർക്ക് സൗജന്യ സ്കിൽ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കേരള ചിക്കൻ പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഭക്ഷ്യ സുരക്ഷ ഒരുക്കുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | കേരള ചിക്കൻ പദ്ധതി നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, പാലക്കാട്, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 8 ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ഈ ജില്ലകളിലെ ഏത് പഞ്ചായത്തുകളിൽ വേണമെങ്കിലും കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് കേരള ചിക്കൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഫാമുകളും, ഔട്ട് ലെറ്റുകളും ആരംഭിക്കാവുന്നതാണ്. ഭക്ഷ്യ സുരക്ഷ ഒരുക്കുന്നതിന് നിലവിൽ ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത യോഗങ്ങൾ ചേർന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ